രാജസ്ഥാനിലെ ബാനേശ്വർ മഹോത്സവം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ബാനേശ്വർ തുടങ്ങി, രാജസ്ഥാനിലെ ചില ഉൽസവങ്ങളെപ്പററി ഒരു വിവരണം.

ദുംഗാർപ്പൂർ ജില്ലയിലുള്ള ബാനേശ്വർ ഉൽസവം നവത്പ്രാഗ്രാമത്തിലാണു നടക്കുന്നതു്. സോം എന്നയാറു് മാഹി നദിയിൽ ചെന്നു ചേരുന്ന സംഗമസ്ഥാനത്തുള്ള മണൽത്തിട്ടിലാണു് ഇതു് ആണ്ടുതോറും കൊണ്ടാടുക. വാഗ്ഡി ഭാഷയിൽ വേൻ (Ven) നദീതടം എന്ന അർത്ഥമുള്ള ഒരു വാക്കാണു്. വേൺ ഈശ്വരൻ എന്നതിന്റെ വാക്യാർത്ഥം, നദീതടേശ്വരൻ എന്നാണു്. വേണേശ്വർ ക്രമേണ ബാനേശ്വർ എന്നായി രൂപം പ്രാപിച്ചു. ഇവിടെയുള്ള ശിവക്ഷേത്രത്തിലെ ലിംഗം സ്വയംഭൂവെന്നാണു സങ്കല്പം. ആദ്യകാലത്തു് ഇവിടെ ശിവലിംഗപ്രതിഷ്ഠ മാത്രമേ ഉണ്ടായിരുന്നുള്ളു. എ. ഡി. 1453-ൽ മഹാറാവൽ അസ്സാരൻ ആണത്രേ ക്ഷേത്രം നിർമ്മിച്ചതു്. ബാനേശ്വരിലെ ശിവക്ഷേത്രത്തിനു സമീപം വേറൊരു വിഷ്ണുക്ഷേത്രം കൂടിയുണ്ടു്. ഇതു് 1793-ൽ പണിയിച്ചതാണെന്നാണറിവ്. ഇന്നു് ഈ സങ്കേതത്തിൽ നടക്കുന്ന ഉൽസവത്തിനു ചേരുന്ന ജനങ്ങളിൽ ഭൂരിഭാഗവും ക്ഷേത്രദർശനത്തിനു വരുന്നവരത്രേ. ഇന്നത്തെ രീതിയിലുള്ള ഉൽസവം ആരംഭിച്ചതും , ഈ ക്ഷേത്രനിർമ്മാണത്തിനുശേഷമാണു്. അതിനുമുമ്പും ബാനേശ്വർ മഹാദേവർക്ഷേത്രത്തോടനുബന്ധിച്ചു് ഉൽസവം നടന്നിരുന്നു. പില്ക്കാലത്തു രണ്ടും ഒന്നിച്ചായി. ഉൽസവക്കാലം മാഘശുക്ല ഏകാദശിമുതൽ മാഘശുക്ല പൂർണ്ണിമവരെയാണു്. പങ്കെടുക്കാറുള്ള ജനങ്ങളിൽ ഭൂരിഭാഗവും ഗോത്രവർഗ്ഗക്കാരാണു്—അതിൽത്തന്നെ ഏറിയഭാഗവും ഭിൽവർഗ്ഗക്കാരും. അഗ്നികുണ്ഡത്തിനു ചുററും കൂടി നാടൻ പാട്ടുകൾ ആലപിച്ചു മേളിക്കുന്നതു വർണ്ണശബളമായ കാഴ്ചയാണു്.

മാവ്ജി എന്ന സന്യാസിയുടെ ജീവിതവുമായി ബന്ധപ്പെട്ടതാണു് ഇവിടത്തെ വിഷ്ണുക്ഷേത്രം. വിഷ്ണുവിന്റെ പത്താമത്തെ അവതാരമാണു മാവ്ജിയെന്നു വിശ്വസിക്കുന്നവർ കുറവല്ല. അശ്വാരൂഢനായി സ്ഥിതി ചെയ്യുന്ന അദ്ദേഹത്തിന്റെ ഒരു വിഗ്രഹവും അവിടെയുണ്ടു്. ഇതു് ഏകലിംഗസ്വാമിയുടെയോ രാമദേവന്റെയോ പ്രതിമയാണെന്നും ചിലർ പറയാറുണ്ടു്.

വനഗംഗോൽസവം

ജയപ്പൂർ ജില്ലയിലെ ബൈരാത് എന്ന സ്ഥലത്തു നടക്കാറുള്ള ബനഗംഗോൽസവം പ്രാചീനമായ ഒന്നാണെന്നാണു പണ്ഡിതന്മാർ വിശ്വസിക്കുന്നതു്. ബൈരാത് മഹാഭാരതത്തിൽ പരാമർശിക്കുന്ന വിരാടപുരിയാണെന്നു പറയപ്പെടുന്നു. പാണ്ഡവന്മാർ അജ്ഞാതവാസം കഴിച്ചശേഷം ബാക്കികാലം എവിടെ ജീവിക്കണമെന്നു വേദവ്യാസനോടു് അഭിപ്രായം ആരാഞ്ഞെന്നും വിരാടപുരിയിൽ വസിക്കുവാനാണു് അദ്ദേഹം നിർദ്ദേശിച്ചതെന്നും ഒരു കഥയുണ്ടു്. വിരാടരാജധാനിയിൽ പോകുന്നതിനുമുമ്പു പാണ്ഡവന്മാർ തങ്ങളുടെ ആയുധങ്ങൾ ഒളിച്ചുവച്ചതു് ഇന്നു വനഗംഗോൽസവം നടക്കുന്ന സ്ഥലത്തെ ഒരു വൃക്ഷത്തിലായിരുന്നെന്നും വിശ്വസിച്ചുവരുന്നു. ഇന്നു് അവിടെ രാധാകൃഷ്ണപ്രതിഷ്ഠയുള്ള ഒരു ക്ഷേത്രമുണ്ടു്. അതു പണികഴിച്ചതു് ഏതാണ്ടു് ഇരുനൂറുവർഷങ്ങൾക്കുമുമ്പു മാത്രമാണെന്നറിയാം.

ഉൽസവക്കാലത്തു സമ്മേളിക്കുന്ന ജനങ്ങളധികവും അവിടത്തെ ആററിൽ കുളികഴിഞ്ഞു ദേവദർശനം നടത്തുന്നു. ജാത് (Jat) അഹീർ (Ahir) ഗുജാർ (Gujar) ജാതിക്കാരാണു ഭൂരിഭാഗവും. ഉൽസവക്കാലത്തുള്ള മേളകളിൽ പാടാറുള്ള നാടൻ പാട്ടുകൾ വനഗംഗയെക്കുറിച്ചും പാണ്ഡവരെക്കുറിച്ചും ആണു്. വൈശാഖ പൂർണ്ണിമയാണു മുഖ്യദിവസം.

ഗോഗാജി മഹോൽസവം

ഗംഗാനഗർജില്ലയിലുള്ള ഗോഗാമേഡി ഗ്രാമത്തിൽ നടന്നുവരാറുള്ള ഉൽസവമാണു ഗോഗാജി ഉൽസവം. ഈ പ്രദേശത്തെ മുഖ്യനായ ഒരു വീരകഥാനായകനാണു് ഗോഗാജി. ഗോഗാജി ജയന്തി പതിനൊന്നാംനൂററാണ്ടുകാലം മുതൽ ഇതു നടന്നുവരുന്നുണ്ടെന്നാണറിവ്. ചാഹമാനവംശജനായ ഒരു ഇടപ്രഭുവായിരുന്നു ഗോഗാജി. നോഹർ പ്രദേശത്തെ ദാഡ്റീവാ (Dadrewa) ഗ്രാമാധിപതിയായിരുന്നു അദ്ദേഹം. ജീവിതകാലത്തു മുസ്ലിം ആക്രമകാരികളിൽനിന്നും ആ പ്രദേശത്തെ ജനങ്ങളെ രക്ഷിക്കുവാൻ ഗോഗാജി വളരെ പോരാടിയിട്ടുണ്ടെന്നും ഹൈന്ദവധർമ്മസംരക്ഷണത്തിനു പ്രയത്നിച്ചിട്ടുണ്ടെന്നുമാണു് ഐതിഹ്യങ്ങൾ വ്യക്തമാക്കുന്നതു്. ഒരു കലഹം കാരണം ബന്ധുക്കളായ സർജൻ, അർജൻ എന്ന രണ്ടുപേരെ വധിച്ചതിനാൽ മാതാവായ ബഛാൽ (Bachhal) ഗോഗായെ കൊട്ടാരത്തിൽനിന്നു പന്ത്രണ്ടുകൊല്ലത്തേക്കു ബഹിഷ്കരിച്ചത്രേ. ഇത്രയുംകാലം പുത്രനെക്കുറിച്ചു അമ്മയ്ക്കു് ഒരു വിവരവും കിട്ടിയിരുന്നില്ല. അതിനാൽ മകൻ മരിച്ചു കാണുമെന്നുവരെ മാതാവു കരുതി. എന്നാൽ ഗോഗാ എല്ലാ രാത്രികളിലും കൊട്ടാരത്തിലെത്തി ഭാര്യയായ സൂറിയായുമായി സമയം ചെലവാക്കിവന്നു. ഒരവസരത്തിൽ, വിധവയുടെ ആടയിടേണ്ട ഗോഗായുടെ പത്നി, ആഡംബരവസ്ത്രങ്ങളണിഞ്ഞു സർവാഭരണവിഭൂഷിതയായി ഉൽസാഹപൂർവം കഴിയുന്നതു കാണുവാൻ ഈ മാതാവിന്നു് ഇടവന്നു. ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച സൂറിയാലിനെ അമ്മ വളരെ ശാസിച്ചു. ഗോഗാ മരിച്ചിട്ടില്ലെന്നും എല്ലാ നിശകളിലും അവിടെ ആഗതനാകാറുണ്ടെന്നുമുള്ള സത്യം പറയുവാൻ സൂരിയാൾ നിർബന്ധിതയായി. രാത്രിയിൽ വന്നവേളയിൽ അദ്ദേഹത്തെ മാതാവിനു കാട്ടിക്കൊടുക്കാനും സൂരിയാൾ മടിച്ചില്ല. തന്റെ അനുശാസനം ആദരിക്കാതെ കപടജീവിതം നയിച്ചതിനു മാതാവു ഗോഗായെ ക്രമത്തിലധികം ശകാരിക്കുക മാത്രമല്ല, ഇനിയൊരിക്കലും അയാളുടെ മുഖം കാണാൻ ഇടവരരുതെന്നു ശപിക്കുകയും ചെയ്തു. മാതാവിന്റെ വാക്കുകൾ വരുത്തിയ വേദനയിൽനിന്നു മുക്തിനേടുവാൻ ഗോഗാ കൊട്ടാരംവിട്ടു പുറത്തിറങ്ങി മേഡി എന്ന സ്ഥലത്തുചെന്നു സമാധി പ്രാപിച്ചു. അതിനുശേഷം അവിടം ഗോഗാമേഡി എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നു.

ഗോഗാജിയുടെ ജീവിതസംഭവങ്ങളെക്കുറിച്ചു പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായൈക്യം നന്നേ കുറവാണു്. ഗോപേന്ദ്രരാജാവു് എന്ന ചാഹമാന നാടുവാഴിയാണു ഗോഗാദേവനെന്നപേരിൽ പ്രസിദ്ധനായതു്. അദ്ദേഹം മുസ്ലിം ആക്രമണകാരികളെ പതിനൊന്നുതവണ പരാജയപ്പെടുത്തി. ഇങ്ങനെയുണ്ടായ ഒരു യുദ്ധത്തിൽ അദ്ദേഹം വീരസ്വർഗ്ഗം പ്രാപിച്ചു. ഇതാണു് ഒരാളുടെ അഭിപ്രായം. ഗോരഖ്നാഥ് ഗുരുജിയും ഗോഗാജിയും ഒരാൾ തന്നെയായിരിക്കുമെന്നാണു മറെറാരു പണ്ഡിതന്റെ നിഗമനം. ഗോഗാ തന്റെ നാല്പത്തിയേഴു പുത്രന്മാരോടൊത്തു മുഹമ്മദ് ഗസ്നിയോടു പൊരുതി മരിച്ചെന്നാണു കർണ്ണൽ ടോഡ് രേഖപ്പെടുത്തിയിട്ടുള്ളതു്. ഗോഗാജി ഗുജറാത്തിലെ പ്രസിദ്ധനായ ഒരു വീരനായകനാണെന്നും അദ്ദേഹം ഗൂർജരന്മാരുടെ മുൻഗാമിയാണെന്നുമാണു മറെറാരുപക്ഷം.

ഗോഗാജിയെ മുസ്ലിമീങ്ങൾ ജീഹർ പീർ (Jahir Pir) എന്ന പേരിൽ കരുതിവരുന്നുണ്ടെന്ന വസ്തുതയും മറന്നുകൂടാ. ഇക്കാരണത്താൽ ഗോഗാജി മഹോൽസവത്തിൽ മുസ്ലിമീങ്ങളും സംബന്ധിക്കുന്നുണ്ടു്. ഗോഗാജിസമാധി വെള്ളവെണ്ണക്കല്ലിലാണു നിർമ്മിതമായിരിക്കുന്നതു്. പീഠത്തിൽ, നീലക്കുതിരയിൽ സവാരി ചെയ്യുന്ന നിലയിൽ കുന്തവും കൈയിലേന്തി, കണ്ഠത്തിൽ പന്നഗമണിഞ്ഞു, ചാഹമാഹരാജാക്കന്മാരുടെ ഉപചാരവേഷമണി

(ശേഷം 21-ാം പേജിൽ)

രാജസ്ഥാനിലെ ബാനേശ്വർ ഉൽസവം

(3-ാം പേജിൽനിന്നു തുടർച്ച)

ഞ്ഞ രൂപത്തിലാണ്, അദ്ദേഹത്തിന്റെ വിഗ്രഹം സ്ഥിതിചെയ്യുന്നതു്. മുഹമ്മദ് ഗസ്നിക്ക് ഗോഗാജിയെ വളരെ ആദരവായിരുന്നെന്നും, ആഗ്രഹസംപൂർത്തിയുണ്ടായപ്പോൾ അദ്ദേഹം അവിടം അററകുററപ്പണി ചെയ്തു് ഒരു മുസ്ലിം ദേവാലയമാക്കി മാററിയതാണെന്നും ചിലർ വിശ്വസിച്ചുവരുന്നു.

ജാംബേശ്വർ ഉൽസവം

ബിക്കാനീരിൽനിന്നു ജോഡ്പൂരിലേക്കുള്ള രാജപാതയിൽ അറുപതു കിലോമീററർ ചെല്ലുമ്പോൾ നോഖാ (Nokha) എന്ന പേരുള്ള സ്ഥലമുണ്ടു്. അവിടെനിന്നു പതിനഞ്ചു കിലോമീററർ ചെല്ലുമ്പോൾ മൂകം (Mukam) എന്നൊരു സ്ഥലത്തു് എത്താം. ഇവിടെ ജാംബേശർ എന്ന ഉൽസവം ആണ്ടിൽ രണ്ടുതവണ നടന്നുവരുന്നുണ്ടു്. ബിസ്നോയ് (Bishnoi) ജാതിക്കാരുടെ കുലഗുരുവായ ജാംബേശ്വരജിയുടെ സ്മരണയിലാണ് അതു നടന്നുവരുന്നതു്. മൂകമിൽനിന്നു പതിനാറു കിലോമീററർ ദൂരെയുള്ള പീപാസർ (Peapasar) എന്ന സ്ഥലത്താണത്രേ എ. ഡി. 1451-ൽ ജാംബേശ്വർ ഭൂജാതനായതു്. പാൻവർ രാജപുത്രവംശജനായിരുന്നു അദ്ദേഹത്തിന്റെ പിതാവു്. വിക്രമാദിത്യപരമ്പരയിൽ മുപ്പത്തിരണ്ടാമത്തെ അംഗമായിരുന്നു എന്നു വിശ്വസിക്കുന്നവർ വളരെയുണ്ടു്. ഇരുപത്തിയേഴാമത്തെ വയസ്സുവരെ പശുപാലകനായിട്ടാണ് അദ്ദേഹം ജീവിച്ചതു്. പിന്നീടു ആത്മീയകാര്യങ്ങളിലുള്ള അടങ്ങാത്ത താൽപര്യത്താൽ അദ്ദേഹം അതിൽ മുഴുകി. കൃഷീവലരായ ജാട്ടുക്കളെ (Jats) ഇരുപത്തിയൊൻപതു തത്വങ്ങളടങ്ങിയ വിശ്വാസപ്രമാണങ്ങളിലേക്കു് അദ്ദേഹം നയിച്ചു. ഇക്കാരണത്താലാണ് അദ്ദേഹത്തിന്റെ അനുയായികളെ "ബിസ്നോയ്", അതായതു് ഇരുപത്തിയൊൻപതുകാർ—എന്ന അർത്ഥത്തിൽ വിളിക്കുവാനിടയായതു്.

ജാംബേശ്വർജിയുടെ ഉൽബോധനങ്ങൾ അദ്ദേഹത്തിന്റെ തത്വസംഹിത വ്യക്തമാക്കുന്നുണ്ടു്. വേദോപനിഷത്തുകളിലെ ഏററവും ദുർഗ്രഹങ്ങളായ സത്യങ്ങൾ ഇവയിൽ ലളിതമനോഹരമായി പ്രതിപാദിച്ചിരിക്കുന്നു. സാധാരണ ജീവിതത്തിൽ അനുഭവിച്ചറിയാറുള്ള കാര്യങ്ങളെ ഉദാഹരണങ്ങളായി കാണിച്ചാണു വിശദീകരണങ്ങൾ അദ്ദേഹം നൽകിയിട്ടുള്ളതു്. പരിശുദ്ധി, ആത്മനിയന്ത്രണം, അനാസക്തി, സത്യം, അക്രമരാഹിത്യം തുടങ്ങിയവയിലാണ് അദ്ദേഹം കൂടുതൽ നിഷ്കർഷിച്ചതു്. കർമ്മസിദ്ധാന്തത്തിലും പുനർജന്മത്തിലും അവതാരങ്ങളിലും അദ്ദേഹത്തിനു് അടിയുറച്ച വിശ്വാസമുണ്ടു്. മദ്ധ്യയുഗത്തിലെ സാമൂഹ്യജീവിതത്തിലും രാഷ്ട്രീയമണ്ഡലത്തിലും നിലവിലിരുന്ന ഭദ്രതാരാഹിത്യം ഉളവാക്കിയ, പരസ്പരവിദ്വേഷവും പകയും ക്രൂരതയും പരത്തിയ അന്ധകാരത്തിൽ വെളിച്ചത്തിന്റെ തീപ്പന്തവുമായി കടന്നുവന്ന ഒരു മഹാനെന്ന നിലയിൽ ജാംബേശ്വരനെ ആളുകൾ അംഗീകരിച്ചു.

മൂകമിൽ സ്ഥാപിതമായിട്ടുള്ള ക്ഷേത്രത്തിൽ, വിഷ്ണുവിന്റെ അവതാരമെന്ന നിലയിൽ ബഹുജനങ്ങൾ ജാംബേശ്വർജിയെ ആരാധിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണയുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ് ഈ ഉൽസവവേളകളിൽ. ഫൽഗുനമാസത്തിലെ അമാവാസിദിനത്തിലാണു മുഖ്യമായ ആഘോഷം നടക്കുന്നതു്.

കപിലമുനിയുൽസവം

ബിക്കാനീർജില്ലയിലെ മുഖ്യമായ ഒരു ഉൽസവമാണ് കൊലായതു് (Kolayat) എന്ന സ്ഥലത്തു കപിലമുനിയുടെ സ്മരണസ്സായി നടന്നുവരുന്നതു്. കാർത്തികപൂർണ്ണിമദിവസമാണ് ഇതു് ഉണ്ടാകുക. ഈ സ്ഥലത്തുള്ള ശുദ്ധജലതടാകം ഭാരതത്തിലാകെ പേരു കേട്ട തീർത്ഥങ്ങളിലൊന്നാണ്. കപിലമുനിയുടെ സ്മാരകമായി ഒരു ക്ഷേത്രവും അതിൽ വെണ്ണക്കല്ലിലുള്ള കപിലവിഗ്രഹവുമുണ്ടു്.

കപിലൻ, വീടുവിട്ടു ഹിമാലയസാനുക്കളിൽ സന്യാസിയായി കഴിയുന്നകാലത്തു് ഒരിക്കൽ, ദേശാടനത്തിനു പുറപ്പെട്ടു. ഈ യാത്രയിൽ മരുപ്രദേശമായ ഇവിടെ എത്തിയപ്പോൾ, മനോഹരമായ ഒരു മരുപ്പച്ച കണ്ടു് അതിൽ ആകൃഷ്ടനായിത്തീർന്നു. ലോകശാന്തിക്കായി തപസ്സു നടത്തുവാൻ തനിക്കു പററിയ സങ്കേതം ഇതാണെന്നു് കപിലൻ നിശ്ചയിച്ചു് അവിടെ താമസിച്ചു. ഇതിനെത്തുടർന്നു കപിലായതൻ (Kapilayatha) എന്ന പേരിൽ ഇവിടം വിഖ്യാതമായി. ഈ പവിത്രസങ്കേതത്തിന്റെ പ്രശസ്തി, ഒരു സ്ഥലപുരാണമനുസരിച്ചു് ദേവന്മാർക്കു് ഇഷ്ടമായില്ല. ഇവിടം അഗമ്യവും അദൃശ്യവും ആക്കിത്തീർക്കുവാൻ ചുററിനും ദേവന്മാർ മണൽക്കാടു് വർദ്ധിപ്പിച്ചത്രേ! ദേവന്മാരുടെ ഈ ദ്രോഹപ്രവൃത്തി സ്കന്ദനും പാർവതിക്കും തീരെ രസിച്ചില്ല. കലിയുഗത്തിൽ ഇവിടത്തെ ശുദ്ധജലതടാകത്തിൽ സ്നാനം ചെയ്യുന്നതു മുക്തിപ്രദമായിരിക്കുമെന്നു് അവർ ആശീർവദിച്ചു. മററു ദിവ്യതീർത്ഥങ്ങളിൽ പത്തുകൊല്ലം തുടർച്ചയായി സ്നാനകർമ്മാദികൾ ചെയ്താൽ സിദ്ധിക്കുന്ന മഹത്വം ഇവിടെ ഒരു ദിവസം കൊണ്ടു ലഭ്യമാകുമെന്നായിരുന്നു അവരുടെ അനുഗ്രഹം! അങ്ങനെ കോലായത് തടാകം പുണ്യതീർത്ഥങ്ങളിലൊന്നായി മാറി. കാർത്തികപൂർണ്ണമയിലെ ഉൽസവകാലമാണ് ഏററവും മഹത്വമുള്ളതും.

പോസുകൾ

